**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2051** **06-07-2022 - ൽ മറുപടിയ്ക്ക്**

**പോക്സോ കോടതികളിൽ കൂടുതൽ തസ്തികകൾ സൃഷ്ടിക്കുന്നതിന് നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. യു.എ.ലത്തീഫ് | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | സംസ്ഥാനത്ത് നിലവിൽ എത്ര പോക്സോ കോടതികൾ പ്രവർത്തിക്കുന്നുണ്ട്; പട്ടിക നൽകാമോ; പുതിയ കോടതികൾ തുടങ്ങാൻ പദ്ധതിയുണ്ടോ; വിശദമാക്കാമോ; | (എ) | കേന്ദ്ര സർക്കാർ പദ്ധതിയുടെ ആദ്യ ഘട്ടമായി സംസ്ഥാനത്ത് അനുവദിച്ച 28 താൽക്കാലിക അതിവേഗ പ്രത്യേക കോടതികൾ പോക്സോ കേസുകൾ കൈകാര്യം ചെയ്യുന്നതിനായി പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. ജില്ല തിരിച്ചുള്ള വിവരങ്ങൾ അനുബന്ധം (1) ആയി ചേർക്കുന്നു. രണ്ടാം ഘട്ടമായി 28 അതിവേഗ പ്രത്യേക കോടതികൾ കൂടി സർക്കാർ അനുവദിച്ചിട്ടുണ്ട്.<br><br>എറണാകുളം ജില്ലയിൽ മൂവാറ്റുപുഴ അഡീഷണൽ സ്പെഷ്യൽ കോർട്ട്, പോക്സോ കേസുകൾ കൈകാര്യം ചെയ്യുന്നതിനായി പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.<br><br>കൂടാതെ ഓരോ ജില്ലയിലേയും അനുബന്ധം (2) ആയി ചേർത്തിരിക്കുന്ന കോടതികളെ പോക്സോ നിയമം സെക്ഷൻ 28(1) പ്രകാരം ചൈൽഡ് റൈറ്റ് ആക്റ്റ്, 2005 സംരക്ഷിക്കുന്നതിനായി പ്രത്യേക പോക്സോ കോടതികളായി വിജ്ഞാപനം ചെയ്തിട്ടുണ്ട്. |
| (ബി) | പോക്സോ അതിവേഗ കോടതികളിൽ ആവശ്യത്തിന് സ്ഥിരം ജീവനക്കാരില്ലെന്നകാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അത് പരിഹരിക്കാൻ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ; | (ബി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല |
| (സി) | പോക്സോ കേസുകൾ പോലുള്ള ഗുരുതര സ്വഭാവമുള്ള കേസുകൾ കൈകാര്യം ചെയ്യുന്ന കോടതികളിൽ കോൺഫിഡൻഷ്യൽ അസിസ്റ്റന്റ്, ടൈപ്പിസ്റ്റ് പോലുള്ള തസ്തികകളിൽ കരാറടിസ്ഥാനത്തിൽ ജീവനക്കാരെ നിയമിക്കുന്നത് അഭികാമ്യമാണോ; വിശദമാക്കുമോ; | (സി) | അതിവേഗ പ്രത്യേക കോടതികളിലെ സ്റ്റാഫ് പാറ്റേൺ, നിയമന രീതി എന്നിവ ബഹു.ഹൈക്കോടതി ശിപാർശ ചെയ്ത പ്രകാരം അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. |
| (ഡി) | പോക്സോ അതിവേഗ കോടതികളിൽ കൂടുതൽ തസ്തികകൾ സൃഷ്ടിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; വിശദീകരിക്കാമോ? | (ഡി) | പരിഗണനയിലില്ല |

സെക്ഷൻ ഓഫീസർ

# അനുബന്ധം (1)

| ക്ര.നം. | ജില്ല | സ്ഥലം |
|---|---|---|
| 1 | തിരുവനന്തപുരം | തിരുവനന്തപുരം |
| 2 | | നെടുമങ്ങാട് |
| 3 | | നെയ്യാറ്റിൻകര |
| 4 | | ആറ്റിങ്ങൽ |
| 5 | കൊല്ലം | കരുനാഗപ്പള്ളി |
| 6 | | പുനലൂർ |
| 7 | പത്തനംതിട്ട | പത്തനംതിട്ട |
| 8 | ആലപ്പുഴ | ഹരിപ്പാട് |
| 9 | കോട്ടയം | കോട്ടയം |
| 10 | | ചങ്ങനാശേരി |
| 11 | ഇടുക്കി | പൈനാവ് |
| 12 | | കട്ടപ്പന |
| 13 | എറണാകുളം | ആലുവ |
| 14 | | പെരുമ്പാവൂർ |
| 15 | തൃശ്ശൂർ | തൃശ്ശൂർ |
| 16 | | ഇരിഞ്ഞാലക്കുട |
| 17 | | കുന്നംകുളം |
| 18 | പാലക്കാട് | പാലക്കാട് |
| 19 | | പട്ടാമ്പി |
| 20 | മലപ്പുറം | മഞ്ചേരി |
| 21 | | തിരൂർ |
| 22 | | പെരിന്തൽമണ്ണ |
| 23 | കോഴിക്കോട് | കോഴിക്കോട് |
| 24 | | കൊയിലാണ്ടി |
| 25 | വയനാട് | കൽപ്പറ്റ |
| 26 | കണ്ണൂർ | തലശ്ശേരി |
| 27 | | തളിപ്പറമ്പ് |
| 28 | കാസർകോട് | ഹോസ്ദുർഗ് |

## അനുബന്ധം (2)

| | | |
|---|---|---|
| 1 | തിരുവനന്തപുരം | അഡീഷണൽ ജില്ലാ സെഷൻസ് കോടതി, തിരുവനന്തപുരം |
| 2 | കൊല്ലം | ഒന്നാം അഡീഷണൽ ജില്ലാ സെഷൻസ് കോടതി, കൊല്ലം |
| 3 | പത്തനംതിട്ട | ഒന്നാം അഡീഷണൽ ജില്ലാ സെഷൻസ് കോടതി, പത്തനംതിട്ട |
| 4 | ആലപ്പുഴ | ഒന്നാം അഡീഷണൽ ജില്ലാ സെഷൻസ് കോടതി, ആലപ്പുഴ |
| 5 | കോട്ടയം | ഒന്നാം അഡീഷണൽ ജില്ലാ സെഷൻസ് കോടതി, കോട്ടയം |
| 6 | ഇടുക്കി | ഒന്നാം അഡീഷണൽ ജില്ലാ സെഷൻസ് കോടതി, തൊടുപുഴ |
| 7 | എറണാകുളം | അഡീഷണൽ ജില്ലാ സെഷൻസ് കോടതി, എറണാകുളം |
| 8 | തൃശ്ശൂർ | ഒന്നാം അഡീഷണൽ ജില്ലാ സെഷൻസ് കോടതി, തൃശ്ശൂർ |
| 9 | പാലക്കാട് | ഒന്നാം അഡീഷണൽ ജില്ലാ സെഷൻസ് കോടതി,പാലക്കാട് |
| 10 | മലപ്പുറം | ഒന്നാം അഡീഷണൽ ജില്ലാ സെഷൻസ് കോടതി, മഞ്ചേരി |
| 11 | കോഴിക്കോട് | അഡീഷണൽ ജില്ലാ സെഷൻസ് കോടതി, കോഴിക്കോട് |
| 12 | വയനാട് | ഒന്നാം അഡീഷണൽ ജില്ലാ സെഷൻസ് കോടതി, കൽപ്പറ്റ |
| 13 | കണ്ണൂർ | ഒന്നാം അഡീഷണൽ ജില്ലാ സെഷൻസ് കോടതി, തലശ്ശേരി |
| 14 | കാസർകോട് | ഒന്നാം അഡീഷണൽ ജില്ലാ സെഷൻസ് കോടതി, കാസർകോട് |